# ഹാശാ ബുധൻ

## ബുധനാഴ്ച സൂത്താറ

**കൗമാ**

(ബ്ഹൗനഹറോഗായൊ..... എന്ന രീതി)

നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം
നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം
നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം

**ഗദ്യം**

കർത്താവേ! ഴിന്നെ കൊല്ലുന്നതിന് ഒരുമിച്ചുകൂടിയ ജനം നിന്റെ ന്യായവിസ്താരത്തിൽ കുറ്റം ചുമത്തപ്പെടുകയും, നിന്നെയും നിന്റെ കഷ്ടാനുഭവത്തേയും ഏറ്റു പറഞ്ഞ പുറജാതികൾ നിന്റെ രാജ്യത്തിൽ പ്രവേശിക്കുകയും ചെയ്യും. **(മൂന്നു പ്രാവശ്യം)**

**(ലൊക്മോർ തെശുദ്ദുഹത്തോ)**

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മ്ശിഹാ!
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

Praise to Thee, O Lord, To Thy Father Praise,
Worship, glory be To the Holy Ghost.
Grace and mercy be on us sinners all,
Opened be to us Zion's gates above
May our pleas be heard at the throne of Christ.
Praise to Thee, O Lord, Praise to Thee, O Lord,
Ever praise to Thee, Our hope. Barekhmor.

(സുറിയാനി)

ലോക്മോർ തെശുദ്ദുഹത്തോ ലാ ബോക് എക്റോ
വൽറൂഹോദ് കുദ്ശോ സെഗതോ റൂമാ റോമോ
വലൈൻ ഹാതോയാ റഹ്മാ വഹ്നൂനോ
നസ്പാസ് ആഹൂൻതാരാ അയ് ഒറിശലേം ദഹലാ അൽ
നെൽഓൻ സ്ലാവോസോൻ ക്ദാംബിം ദം ശീഹോ
ശുബഹോ ലോക് മോറാൻ ശുബഹോ ലോക് മോറാൻ
ശുബഹോ ലോക് സബറാൻ ലാ ഒലാം, ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽനിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the

evil one. For Thine is the kingdom, the power, and the glory, for ever and ever. Amen (+)

സ്തൗമെൻകാലോസ് കുറിയേലായിസോൻ

പുരോഹിതൻ: നാം എല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോടു കരുണയും ദയവും യാചിക്കണം.

പ്രതിവാക്യം: കാരുണ്യവാനായ കർത്താവേ! ഞങ്ങളിൽ കരുണ തോന്നി ഞങ്ങളെ സഹായിക്കണമെ.

പുരോഹിതൻ: സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും അനശ്വരമായ നല്ല ഉന്നതിയും നിത്യവും ഇടവിടാതെ അർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമെ.

**പ്രുമിയോൻ**

ഫഴങ്ങൾ നൽകാതിരുന്ന അന്യായമുള്ള മുന്തിരിയെ സമൂലം പറിച്ചു കളഞ്ഞ നിതിമാനും, കാട്ടുമുന്തിരിങ്ങാകളെ കായിച്ച നടുതലയെ ശപിച്ച് അതിന്റെ വേലി പൊളിച്ചു ഏവർക്കും ചവിട്ടുമാറാക്കുകയും മുൾച്ചെടികൾ മുളപ്പിച്ചു അതിനെ പന്നികൾക്കു മേയുവാൻ വിട്ടുകൊടുക്കുകയും അതിനുപകരം പുറജാതികളുടെ സഭയെ പുതിയ നടുതലയായി തെരഞ്ഞെടുക്കുകയും അതു തനിക്കു ശ്രേഷ്ഠഫലങ്ങളേയും സ്തുത്യർഹങ്ങളായ കാഴ്ചകളേയും സമർപ്പിക്കുവാനായി വളർന്നുവരുന്നതിനു തന്റെ സ്ലീബാകൊണ്ട് അതിലെ ഉഴവുചാലുകളെ നനയ്ക്കുകയും ചെയ്ത സത്യവാനും ആയ തനിക്ക് ദൈവീകമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

**സേദറാ**

മഹത്തായ ഏദനെ സ്ഥാപിച്ചവനെ! തനിക്കു സ്തുതി. തനിക്കു കീർത്തനം. കർത്താവിന്റെ വന്ദ്യസ്ലീബാ കൊണ്ട് ജീവകരമായ ഫലങ്ങളെ തനിക്കായിട്ട് താൻ കായിപ്പിക്കയും തന്റെ

വിശുദ്ധ സഭയാകുന്ന ആത്മിയതോട്ടത്തെ തനിക്കായിട്ടു നട്ടു പിടിപ്പിക്കുകയും അതിൽ രക്ഷയുടെ മഹാഗോപുരത്തെ പണി യുകയും രഹസ്യമാകുന്നഉറവയെ പുറപ്പെടുവിക്കുകയും ചെയ്തു. അതിനെ സന്തോഷിപ്പിക്കുന്ന നീർചാലുകളെ ഉണ്ടാക്കുകയും അതിന്റെ ഫലങ്ങൾ വളന്ന് വരുവാനായിട്ട് അതിന്റെ ഉഴവു ചാലുകളെ നനയ്ക്കുകയും അതിന്റെ മുള വളരുന്നതിനു ചാറൽ മഴകളെ വദ്ധിപ്പിക്കുകയും ചെയ്തു. അവിശ്വാസമാകുന്ന നിന്ദ്യ ങ്ങളായ കാട്ടുമുന്തിരിങ്ങാകൾക്കു പകരം വിശ്വാസമാകുന്ന നല്ല മുന്തിരിപഴങ്ങളേയും ദൂഷണമാകുന്ന കടും കടും കയ്പിനു പക രം സ്തോത്രമാകുന്ന മധുരഫലങ്ങളേയും അതിൽ മുളപ്പിച്ചു. കുരി ശുമൂലമുള്ള അപമാനത്തിനും ആക്ഷേപത്തിനും പകരം സ്തുതി യാകുന്ന മഹിമയുടെ ഫലങ്ങളേയും കുരിശിനാലുള്ള യഥാത്ഥ വിജയത്തേയും അതിൽ കത്താവ് ഉളവാക്കി, ഞങ്ങളെ രക്ഷി പ്പാൻ വേണ്ടി ഈ വിധം താല്പര്യം കാണിച്ച ഞങ്ങളുടെ ദൈവ മായകത്താവേ! ഈ പരിമളധൂപത്തോടുകൂടെ ഞങ്ങൾ കത്താ വിനോട്ടു അപേക്ഷിച്ച് കത്താവിന്റെ അപവധി അനുഗ്രഹങ്ങ ളോടു് യാചിക്കുന്നതെന്തന്നാൽ കത്താവിന്റെ രാജ്യത്തിലെ ഉ ത്സാഹമുള്ള വേലക്കാരും കത്താവിന്റെ സ്വത്തിനെ അന്വേഷി ക്കുന്ന വ്യാപാരികളും കത്താവിന്റെ തോട്ടത്തിനുള്ളിൽ മഹത്വ മുള്ള പുന്തിരിവള്ളികളും കത്താവിന്റെ വയലിൽ വാഴ്ത്തപ്പെട്ട വിത്തും കത്താവിന്റെ പത്തായങ്ങളിൽ നല്ല കോതമ്പും കത്താവിന്റെ വിശുദ്ധപ്രാകാരത്തിൽ പ്രിയപ്പെട്ട നടുതലകളും കത്താവിന്റെ രാജ്യത്തിലെ മേച്ചിൽപുറങ്ങളിൽ തടിച്ച ആട്ടിൻ കുട്ടികളും കത്താവിന്റെ മഹനീയ കിരീടങ്ങളിൽ തെരഞ്ഞെടു ക്കപ്പെട്ട രത്നങ്ങളും കത്താവിന്റെ പറുദീസായിൽ ഉയന്ന ദിക്കി ലാകളും കത്താവിന്റെ ഉപദേശമാകുന്ന നീർചാലുകൾക്കരികെ ഭംഗിയുള്ള കാരികിലുകളും കത്താവിന്റെ സഭാമലകളിൽ മഹി മയുള്ള വൃക്ഷങ്ങളും ആയി ഞങ്ങളെ കത്താവ് ആക്കിതീക്കണ മെ. കത്താവിന്റെ ബഹുമാനത്തിന്റെ ഭവനത്തിൽ മാഹാത്മ്യമു ള്ള സൈത്തുവൃക്ഷം പോലെയും കത്താവിന്റെ ശ്രേഷ്ഠതയു ടെ തോട്ടത്തിൽ വേല ചെയ്യുന്ന ഉത്സാഹികളായ കൃഷിക്കാരും കത്താവിന്റെ വാസത്തിനു നിമ്മലഭവനങ്ങളും കത്താവിന്റെ മാ ഹാത്മ്യത്തിന്റെ ബഹുമാനത്തിനു വെടിപ്പുള്ള ആലയങ്ങളും

കർത്താവിന്റെ ഉണ്മയുടെ വാസത്തിന്ന നിർമ്മലമായ ബലിപീഠങ്ങളും കർത്താവിന്റെ ശ്രേഷ്ഠതയുടെ വാസത്തിന്ന നിഷ്കളങ്കന്മാരായ സ്തുതിപാഠകന്മാരും തിരുമേനിയുടെ രാജ്യത്തിന്ന സ്ഥിരമായ അതിഥികളും കർത്താവിന്റെ മുത്താഴത്തിലെ വിരുന്നിന്ന തക്ക വിരുന്നുകാരും കർത്താവിന്റെ മണവറയിൽ വെടിപ്പുള്ള തോഴന്മാരുമായി ഞങ്ങളെ ആക്കിത്തീർക്കേണമെ. ഞങ്ങൾ അവിടെ വെടിപ്പോടും വിശുദ്ധിയോടും കർത്താവിന്നും കർത്താവിന്റെ പിതാവിന്നും ക ർത്താവിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റു ന്നു. ഹോശോ....

**(കുക്കോയോ രീതി)**

1. ദർശകരേ, നിഹനിച്ചുനിണം പാനം-ചെയ്വോളേ!
ഹതനാമേശായാ നിന്നോടെന്ത-യ്യോ ചെയ്തു?
ഏറമീയായെ-ച്ചേർക്കുണ്ടിൽ തള്ളി
ഹതനായ് സ്കറിയ-ബലിപീഠത്തിങ്കൽ
കൊലപാതകിയാം മണവാട്ടിപുത്രൻ-തൻ കൊലയാൽ
തന്നെത്താനെ-ന്നന്നേക്കം മുടിവോ-ളം നിന്റെ
ഹാലേലുയ്യ-ഭ്രാന്തു ശമിച്ചില്ല. ബാറെക്മോർ
ശുബഹോ - മെനഓലം - ഹാലേലുയ്യ

2. സുന്ദരനാം ദാനിയേലും മന്നൻ-ദാവീദും
യേരുശലേമിനെ മുൻനിർത്തി സൂച-നകൾ നൽകി
രക്ഷകനെ ഹനി-ച്ചതിനാൽ കല്ലിന്മേൽ
കല്ലുണ്ടാവി-ല്ലെന്നൊരുവൻ ചൊന്നാൻ
അപ്പുരമുന്മൂലിതമാകും പകരം-തൽസ്ഥാനേ
സഭ സംസ്ഥാപിതമായിടുമെന്നപരൻ-ഘോഷിച്ചാൻ
ഹാലേലുയ്യ-ഉ-ഹാലേലുയ്യ

**ബോത്തേദ് ഹാശോ**

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

നരവർഗ്ഗത്തി-ന്നുയിരേകീടാൻ
താണോനാം നിൻ-സ്നേഹം പൂർണ്ണം

പുൽകീടട്ടെ-ന്നുള്ളം നിന്നെ
യത്നിക്കും ഞാൻ-നിന്നോടൊപ്പം
ശ്രേഷ്ഠംതാൻ നീ-നൽകും കൂലി

ഈ ലോകത്തെ-വെണ്ണീറാക്കാൻ
പോരും തീതൻ-വീര്യം പോക്കാൻ
മുള്ളിൻകൂട്ടം-ചുറ്റും കൂടി
ഇരുതീ താനേ-ശൈത്യംപൂണ്ടു
മണ്ണിൻമക്കൾ-ചൂടേറ്റില്ല

പാപികളാം നാം-കൂടെ ചേരാൻ
കാരുണ്യം കാണിച്ചോൻ സ്തുത്യൻ
പങ്കപ്പാടും-ക്രൂശും മൂലം
മൃതിയെ-നീക്കി ജീവൻ നൽകി
തൽപ്രേഷകനാം-താതൻ ധന്യൻ

നിൻവിധിചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ   മൊറിയോ......

## മാർ അപ്രേമിന്റെ ബോവൂസാ

**ഞങ്ങൾക്കായുളവായൊരു നിൻ ബഹുകഷ്ടതയാൽ കൃപചെയ്ക**
**നിൻ ഹാശായിൻ കഷ്ടതയാൽ നേടണവമകാശം രാജ്യേ**
**ദേവാ ദയചെയ്തീടേണം നാഥാ കൃപ തോന്നേണമൻപാൽ**

1. ഭീതിയോടിറേന്മാർ വാനിൽ
സ്തോത്രം ചെയ്യുന്നോൻ വന്ദ്യൻ
അവനെപ്പാരിൽ വൈദികരും സപ്രേന്മാരും നിന്ദിപ്പു
**ദേവാ ദയചെയ്തീടേണം നാഥാ കൃപ തോന്നേണമൻപാൽ**

2. ജീവിതരുടെ തലയായോനേ വടിയാൽ പ്രഹരിച്ചീടുന്ന
ദശ്കരുടെ ദൃഷ്ടാന്തങ്ങൾ നിറവേറ്റിയവൻ സംസ്തുത്യൻ
**ദേവാ ദയചെയ്തീടേണം നാഥാ കൃപ തോന്നേണമൻപാൽ**

3. തിരികെത്തന്റെ തൊഴുത്തിൽ നാം
ചേത്തിടുവാൻ മൃതികൈക്കൊണ്ടാൻ

നാഥനും തൻ പ്രേഷകനും സ്തുതി പരിശുദ്ധാത്മാവിന്നും
**ദേവാ ദയചെയ്തീടേണം നാഥാ കൃപ തോന്നേണമൻപാൽ**

**ഞങ്ങൾക്കായുളവായൊരു നിൻ ബഹുകഷ്ടതയാൽ കൃപചെയ്ക**
**നിൻ ഹാശായിൻ കഷ്ടതയാൽ നേടണവമകാശം രാജ്യേ**
**ദേവാ ദയചെയ്തീടേണം നാഥാ കൃപ തോന്നേണമൻപാൽ**
**കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ**

**91 - 121 മസുമൂർ**

ഉയരപ്പെട്ടവന്റെ മറയിൽ ഇരിക്കുന്നവനും , ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമേ!

ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എന്റെ ശരണവും എന്റെ സങ്കേതസ്ഥലവുമെന്നു കർത്താവിനെക്കുറിച്ചു് നീ പറക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും, വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ വീണ്ടുകൊള്ളും.

അവൻ തന്റെ തൂവലുകൾ കൊണ്ടു നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും; അവന്റെ സത്യം നിന്റെ ചു റ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്ത് ആയിരങ്ങളും, നിന്റെ വലത്തുഭാഗത്ത് പതിനായിരങ്ങളും വീഴും.

അവ നിങ്കലേയ്ക്ക് അടുക്കയില്ല; എന്നാലോ നിന്റെ കണ്ണുകൾ കൊണ്ട് നീ കാണുക മാത്രം ചെയ്യും. ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും.

എന്തെന്നാൽ സ്വന്ത വാസസ്ഥലം ഉയരങ്ങളിൽ ആയിരിക്കുന്ന എന്ന എന്റെ ശരണമായ കർത്താവു താൻ ആകുന്നു.

ദോഷം നിന്നോട് അടുക്കയില്ല; ശിക്ഷ നിന്റെ വാസസ്ഥലത്തിനു സമീപിക്കയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നേക്കുറിച്ച് അവന്റെ മാലാഖമാരോടു കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ച ഭവിക്കാതിരിപ്പാൻ അവർ തങ്ങളു ടെ ഭുജങ്ങളിന്മേൽ നിന്നെ വഹിക്കും.

സർപ്പത്തേയും അണലിയേയും നീ ചവിട്ടും : സിംഹത്തേയും പെരും പാമ്പിനേയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും; എന്റെ നാമം അറിഞ്ഞതുകൊണ്ട് അവൻ എന്നെ വിളിക്കും.

ഞാൻ അവനോടു് ഉത്തരം പറയും; ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസ്സുകൊണ്ടു ഞാൻ അവനെ തൃപ്തിപ്പെടുത്തും; എന്റെ രക്ഷ അവനെ ഞാൻ കാണിക്കയും ചെയ്യും.

ഞാൻ പർവ്വതത്തിലേയ്ക്ക് എന്റെ കണ്ണുകൾ ഉയർത്തും എന്റെ സഹായക്കാരൻ എവിടെ നിന്നുവരും.

എന്റെ സഹായം സ്വർഗ്ഗവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കയില്ല. നിന്റെ കാവ

ൽ ക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല; ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു; കർത്താവു തന്റെ വലത്തു കൈകൊണ്ടു നിനക്കു നിഴലിടും.

പകൽ ആദിത്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവു സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും : കർത്താവു നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

കർത്താവ് നിന്റെ ഗമനത്തേയും നിന്റെ ആഗമനത്തേയും ഇതുമുത ൽ എന്നേക്കും കാത്തുകൊള്ളും.

ദൈവമേ സ്തുതി തനിക്കു യോഗ്യമാകുന്നു. ബാറെക്മോർ

You that sit in the shelter of the most high and abide in glory, in the shadow of God.

Say to the Lord: ‘My trust and my refuge; the God in whom I confide’:

For He shall deliver you from the snare of stumbling, and from idle talk:

He shall keep you under His feathers, and by His wings, you shall be covered; and His truth shall emcompass you like an armour.

You shall not fear from the terror by right, and from the arrow that flied by the day.

And from the voice that travels in the darkness, and from the devasting wind in the noon.
Thousand shall fall at your side, and ten thousand at your right side.

They shall not come near to you; but with your eyes you shall see only: You shall see the revenge of the wicked.

(Since you have said), "Thou art the Lord, my trust, who hast placed Thy abode in the heights';

There shall not evil come near to you; neither shall , any plaque draw near to your dwelling place.

For he shall give His angels command concerning you, who shall protect you in all your ways.
And they shall bear you up in their hands, least your foot stumble.

You shall tread upon the adder and the basilisk; and you shall trample down the lion and the dragon.

(For the Lord has said): Since he has wrought me, I will deliver him and strengthen him';

'Since he has known my name, he shall call upon me, and I will answer him, and be with him in afflication'.

I will strengthen him and honor him. With long life, will I satisfy him, and show my salvation.

And they shall bear you up in their hands, least your foot stumble.

You shall tread upon the adder and the basilisk; and you shall trample down the lion and the dragon.

(For the Lord has said): Since he has wrought me, I will deliver him and strengthen him';

'Since he has known my name, he shall call upon me, and I will answer him, and be with him in afflication'.

I will strengthen him and honor him. With long life, will I satisfy him, and show my salvation.

He shall watch over your exit and your entrance, hence-forth for ever.

Meet unto Thee, O God, is glory, Barekmor.

## അപേക്ഷ

ഉയരപ്പെട്ടവന്റെ മറയിലിരിക്കുന്നവനായ കർത്താവേ! തന്റെ അനുഗ്രഹത്തിന്റെ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ചു ഞങ്ങളുടെമേൽ കരുണ ചെയ്യണമെ.

സകലവും കേൾക്കുന്നവനേ! തന്റെ അനുഗ്രഹത്താൽ തന്റെ അടിയാരുടെ അപേക്ഷ കേൾക്കണമെ.

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ മ്ശിഹാ! നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു തര ണമെ.

ഞങ്ങളുടെ കണ്ണുകൾ തങ്കലേയ്ക്കു നോക്കിക്കൊണ്ടിരിക്കുന്നു; ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹപരമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണ ചെയ്യേണമെ.

കർത്താവേ! തിരു അനുഗ്രഹങ്ങൾ ഞങ്ങളെ മറച്ച് തവ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കണമെ; പരിശുദ്ധ സ്ലീബാ(+) ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകൾ ഒക്കെയും തിരു വലം കൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമെ. തന്റെ നിരപ്പു ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. തന്നോടപേക്ഷിക്കുന്ന ആത്മാക്കൾ ക്കു ശരണവും രക്ഷയും ഉണ്ടാകണമെ.

തന്നെ പ്രസവിച്ച പ.മറിയാമ്മിന്റേയും, തന്റെ സകല പരിശുദ്ധ ന്മാരുടെയും പ്രാർത്ഥനയാൽ, ദൈവമേ! ഞങ്ങളുടെ കടങ്ങൾ ക്കു പരിഹാരമുണ്ടാക്കി, ഞങ്ങളുടെ മേൽ കരുണ ചെയ്യണമെ.

## PRAYER OF St. SEVRUS

O Lord, who dost dwell the protection of the most High, protect us beneth the shadow of the wings of Thy loving kindness.

Thou who doest hear all, hear the prayer of Thy servants in Thy loving kindness, have mercy upon us.

Christ our Saviour, grant us an evening full of peace and night of holiness, for thou art the King of glory.

To Thee our eyes are turned, pardon our offenses and our sins; in this world and in the world to us; have mercy on us.

Lord, let Thy mercy protect us and Thy grace rest upon our faces, and let Thy cross (+) guard us from the evil one and his powers.

May Thy right hand rest upon us all the days of our life, and Thy peace reign among us and give hope and salvation to the souls of those who pray to Thee.

By the prayers of St. Mary who bore Thee and of all the saints, pardon us, Lord, and have mercy upon us, o God!

നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം
നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം
നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം

**ഗദ്യം**

കർത്താവേ! ഴിന്നെ കൊല്ലുന്നതിന് ഒരുമിച്ചുകൂടിയ ജനം നി ന്റെ ന്യായവിസ്താരത്തിൽ കുറ്റം ചുമത്തപ്പെടുകയും, നിന്നെ യും നിന്റെ കഷ്ടാനുഭവത്തേയും ഏറ്റു പറഞ്ഞ പുറജാതികൾ നിന്റെ രാജ്യത്തിൽ പ്രവേശിക്കുകയും ചെയ്യും. (മൂന്നു പ്രാവശ്യം)

**(ലൊക്മോർ തെശുദ്ദുഹത്തോ)**

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും

മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാത്ഥന മ്ശിഹാ!
സ്തോത്രം കത്താവേ! സ്തോത്രം കത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

(സുറിയാനി)

ലോക്മോർ തെശുദ്ദുഹത്തോ ലാ ബോക് എക്റോ
വൽറൂഹോദ് കുദ്ശോ സെഗതോ റൂമാ റോമോ
വലൈൻ ഹാതോയാ റഹ്മാ വഹ്നൂനോ
നസ്പാസ് ആഹൂൻതാരാ അയ് ഒറിശലേം ദഹലാ അൽ
നെൽഓൻ സ്ലാവോസോൻ ക്ദാംബിം ദം ശീഹോ
ശുബഹോ ലോക് മോറാൻ ശുബഹോ ലോക് മോറാൻ
ശുബഹോ ലോക് സബറാൻ ലാ ഒലാം, ബാറെക്മോർ.

Praise to Thee, O Lord, To Thy Father Praise,
Worship, glory be To the Holy Ghost.
Grace and mercy be on us sinners all,
Opened be to us Zion’s gates above
May our pleas be heard at the throne of Christ.
Praise to Thee, O Lord, Praise to Thee, O Lord,
Ever praise to Thee, Our hope. Barekhmor.

ഗദ്യം

എന്റെ കത്താവേ! തനിക്കു സ്തുതി തന്റെ പിതാവിനു ബഹുമാനവും ശുദ്ധമുള്ള തന്റെ റൂഹായ്ക്കു വന്ദനവും പുകഴ്ചയും പാപികളുമായ ഞങ്ങളുടെമേൽ കരുണയും മനോഗുണവും ഉണ്ടായിരിക്കണമെ. മേലുള്ള ഊശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട്, മ്ശിഹാ തന്റെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ നമസ്ക്കാരങ്ങൾ പ്രവേശിക്കുമാറാകണമെ. ഞങ്ങളുടെ കത്താവേ സ്തുതി, ഞങ്ങളുടെ കത്താവേ സ്തുതി, എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ സ്തുതി, ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ

പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽനിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the evil one. For Thine is the kingdom, the power, and the glory, for ever and ever. Amen (+)

### വിശ്വാസപ്രമാണം

സർവ്വ ശക്തിയുള്ള പിതാവും സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയുംസൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടി കുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു

തിരുമനസ്സായപ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വര്ഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസി ക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കര്ത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വി ശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയര്പ്പിനും വരുവാനിരിക്കുന്നലോകത്തിലെപുതിയജീവനുമായിഞങ്ങൾനോക്കിപ്പാര്ക്കുന്നു ആമ്മീൻ

**ബാറെക്മോർ** **സ്തൌമെൻ കാലോസ് കുറിയേലായിസ്സോൻ**

We believe in one true God,
The Father Almighty, maker of heaven and earth and all things visible and invisible; Amen.

And the one Lord Jesus Christ, the only begotten Son of God, begotten of the Father before all words, light of light, true God of very true God, begotten, not made, being of the same substances with the Father, and by whom all things were made; who for us men and for salvation came down from heaven, (+) and was incarnate of the holy Virgin mary, Mother of God, by

the holy spirit, and became man (+) and was crucified (+) for us in the days of Pontius Pilate, and suffered

and died and was buried; and on the third day rose again according to his will, and ascended into heaven, and sat on the right hand of his Father, and shall come again in his great glory to judge both the living and the dead, whose kingdom shall have no end; Amen.

And in the one living Holy Spirit, the life giving Lord of all, who proceeds from the Father, and who with the Father, and the son is worshipped and glorified, who spoke by the prophets and the apostles; Amen.

And in the one, holy, catholic and apostolic Churhch; and we acknowledge one baptisam for the remission of sins; and look for the resurrection of the dead; and the new life in the world to come. Amen.
Barekmore, Stoumen kalos Kurielaison.